# മുഖ്യമേഖല 6



## ഉൾപ്പെടുത്തൽ, ആരോഗ്യം, സുരക്ഷ

# മുഖ്യമേഖല 6

## ഉൾപ്പെടുത്തൽ, ആരോഗ്യം, സുരക്ഷ

**ആമുഖം**

'എല്ലാ കുട്ടികൾക്കും പഠിക്കാനും വികസിക്കാനും കഴിയും' എന്ന ആശയമാണ് വിദ്യാഭ്യാസ സാർവത്രികവത്കരണത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നത്. ലിംഗം, മതം, ജാതി, സാമൂഹിക-സാമ്പത്തിക പശ്ചാത്തലം, സംസ്കാരം തുടങ്ങിയ വൈവിധ്യങ്ങൾക്ക് അതീതമാണ് കുട്ടികളുടെ പഠനത്തിനുള്ള കഴിവ് എന്ന് വിദ്യാഭ്യാസ അവകാശ നിയമം വ്യക്തമാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ പശ്ചാത്തലത്തിൽ കുട്ടികളുടെ കഴിവുകൾ വികസിക്കാനാവശ്യമായ അവസരസമത്വവും സാമൂഹികനീതിയും ഉറപ്പാക്കുന്ന പഠനപരിസരം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. എങ്കിലേ എല്ലാവരും ഉൾപ്പെടുന്നതും എല്ലാവരുടെയും കഴിവുകൾ അംഗീകരിക്കപ്പെടുന്നതും എല്ലാവരുടെയും കഴിവുകളെ ഏറ്റവും ഉയർന്ന തലത്തിലേക്ക് വികസിപ്പിക്കുന്നതുമായ ഒരു വിദ്യാഭ്യാസക്രമം വളർത്തിയെടുക്കാൻ കഴിയൂ. ഉൾപ്പെടുത്തൽ എന്നാൽ കുട്ടികളെ കേവലമായി ഉൾപ്പെടുത്തൽ മാത്രമല്ല എല്ലാവർക്കും അവസര സമത്വവും തുല്യനീതിയും ലഭ്യമാക്കുക എന്നതുമാണ്. ഇങ്ങനെ എല്ലാ കുട്ടികളും ഉൾപ്പെടുന്ന വിദ്യാഭ്യാസക്രമത്തിൽ ഭിന്ന ശേഷികളുള്ള വിദ്യാർത്ഥികൾക്കും പൂർണ അർഥത്തിൽ ഇടം ഉണ്ടാകും. കുട്ടികളുടെ ശാരീരികവും വൈകാരികവുമായ സുസ്ഥിതി ഉറപ്പാക്കാൻ കഴിയണം. അതോടൊപ്പം പ്രധാനമാണ് കുട്ടികളുടെ സ്വതന്ത്രമായ സഞ്ചാരത്തിനും ആനന്ദകരമായ പഠനത്തിനും സഹായകമായ പഠനപരിസരം അനിവാര്യമാക്കുക എന്നത്. അതുകൊണ്ടുതന്നെ ഈ മുഖ്യമേഖല കുട്ടികളുടെ ആരോഗ്യം, ശുചിത്വം, ഭൗതികവും മാനസികവുമായ സുരക്ഷിതത്വം എന്നിവയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. വിദ്യാർത്ഥി സൗഹൃദമായ പഠനാന്തരീക്ഷവും പഠനപരിസരവും വളർത്തിയെടുക്കാൻ അധ്യാപകർ രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവരെയും സജ്ജമാക്കേണ്ടതുണ്ട്.

## ചിന്തോദ്ദീപക ചോദ്യങ്ങൾ

1. ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം എന്നതു കൊണ്ട് വിദ്യാലയം എന്താണ് അർത്ഥമാക്കുന്നത്?
2. മുഴുവൻ കുട്ടികളുടെയും ശാരീരികവും വൈകാരികവുമായ സുരക്ഷ ഉറപ്പാക്കുന്ന അന്തരീക്ഷം വിദ്യാലയം എങ്ങനെയാണ് രൂപപ്പെടുത്തിയിട്ടുള്ളത്?
3. മികച്ച ആരോഗ്യവും ശുചിത്വവും ഉറപ്പാക്കുന്നതിന് വിദ്യാലയം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?
4. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് സ്കൂൾ സ്വയം സജ്ജമാക്കിയത് എങ്ങനെയാണ്?
5. വിദ്യാലയത്തിന് പുറത്ത് വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തിയിട്ടുള്ളത് ഏതു രീതിയിലാണ്?

## വസ്തുതാപരമായ വിവരങ്ങൾ

(വിദ്യാലയങ്ങൾക്ക് ഒന്നിലേറെ കോളങ്ങളിൽ ടിക്ക് ചെയ്യാവുന്നതാണ്)

1) കുട്ടികളുടെ എണ്ണം

എ) ആൺകുട്ടികൾ ☐ ബി) പെൺകുട്ടികൾ ☐

സി) മറ്റുള്ളവർ ☐

2) വിദ്യാലയത്തിൽ പ്രവേശനം നേടിയ വിവിധ വിഭാഗങ്ങളിൽപ്പെട്ട പഠിതാക്കളുടെ എണ്ണം.

എ) എസ്.സി ☐ ബി) എസ്.ടി. ☐

സി) ഒ.ബി.സി. ☐ ഡി) ബി.പി.എൽ./ഇ.ഡബ്ല്യു.എസ്. ☐

ഇ) ജനറൽ ☐ എഫ്)സി.ഡബ്ല്യു.എസ്.എൻ. ☐

ജി) തൊഴിൽ കുടിയേറ്റക്കാരുടെ (ഇതരസംസ്ഥാനക്കാർ) മക്കൾ ☐

3) എ) വിദ്യാലയത്തിൽ പ്രവേശനം നേടിയ വിവിധ വിഭാഗങ്ങളിൽപ്പെട്ട CWSN കുട്ടികളുടെ എണ്ണം.

| വിഭാഗം | എണ്ണം | വിഭാഗം | എണ്ണം |
|---|---|---|---|
| VI | | MR | |
| HI | | CP | |
| SI | | Autism | |
| OH | | മറ്റുള്ളവർ | |
| LD | | | |

ബി) എത്ര സി.ഡബ്ല്യു.എസ്.എൻ കുട്ടികൾക്ക് ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട്?

| VI | HI | SI | OH | LD | MR | CP | Autism | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| | | | | | | | | |

4) വിവിധ വിഭാഗങ്ങളിലായി സ്കോളർഷിപ്പ് ലഭ്യമായിട്ടുള്ള കുട്ടികളുടെ എണ്ണം

| | | | |
|---|---|---|---|
| എ) സി.ഡബ്ല്യു.എസ്.എൻ. | ☐ | ഡി) ഒ.ബി.സി. | ☐ |
| ബി) ബി.പി.എൽ./ഇ.ഡബ്ല്യു.എസ്. | ☐ | ഇ) പെൺകുട്ടികൾ | ☐ |
| സി) എസ്.സി. | ☐ | എഫ്) എസ്.ടി. | ☐ |

5) i) സി.ഡബ്ല്യു.എസ്.എൻ. കുട്ടികൾക്കുവേണ്ടി പ്രത്യേക റിസോഴ്സ് ടീച്ചറെ ഏർപ്പെടുത്തിയിട്ടുണ്ടോ ?

എ) ഉണ്ട് ☐ ബി) ഇല്ല ☐

ii) പഠിതാക്കൾക്കു വേണ്ടി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

എ) പ്രഥമ ശുശ്രൂഷ ☐

ബി) കൗമാര/ലൈംഗിക വിദ്യാഭ്യാസം ☐

സി) ലഹരി വിരുദ്ധ അവബോധം ☐

ഡി) സേഫ്റ്റി മോക്ക്ഡ്രിൽ ☐

ഇ) റോഡ് സുരക്ഷ/ട്രാഫിക് നിയന്ത്രണ പരിപാടികൾ ☐

6) തീ/ഭൂകമ്പം/വെള്ളപ്പൊക്കം/മണ്ണിടിച്ചിൽ തുടങ്ങിയവയിൽ നിന്നുള്ള സുരക്ഷയ്ക്ക് മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

എ) ഉണ്ട് ☐ ബി) ഇല്ല ☐

7) ലൈംഗികചൂഷണം, അതിക്രമം എന്നിവയ്ക്കെതിരെ പ്രവർത്തിക്കുന്നതിന് രൂപീകരിച്ച സമിതികൾ ഏതെല്ലാം?

______________________________

______________________________

8) വിദ്യാലയം കുട്ടികൾക്ക് വേണ്ടി കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തിയിട്ടുണ്ടോ?

എ) ഉണ്ട് ☐ ബി) ഇല്ല ☐

9) എ) കഴിഞ്ഞ വർഷം വൈദ്യപരിശോധനകൾക്ക് വിധേയരായ കുട്ടികളുടെ എണ്ണം. ☐

ബി) വൈദ്യപരിശോധന നടന്ന മേഖലകൾ ഏതെല്ലാം?

______________________________

സി) വിദ്യാലയം കഴിഞ്ഞ വർഷം നടത്തിയ ക്യാമ്പുകളുടെ എണ്ണം

1. മെഡിക്കൽ/ആരോഗ്യം ☐
2. എച്ച്.ബി. പരിശോധന ☐
3. റോഡ് സുരക്ഷ ബോധവൽക്കരണ പരിപാടി ☐
4. ആരോഗ്യ ശുചിത്വ ബോധവൽക്കരണക്യാമ്പ് ☐

ഡി) 1) എത്ര തവണ മെഡിക്കൽ ക്യാമ്പിനുവേണ്ടി ഡോക്ടർ വന്നിട്ടുണ്ട്. ☐

2) പങ്കെടുത്ത ഡോക്ടറുടെ വിവരങ്ങൾ.

10. മുഖ്യധാരാ ദിനാചരണങ്ങൾ/ഉത്സവാഘോഷങ്ങൾക്കു പുറമെ ഭിന്നശേഷിയുള്ളവർക്കു വേണ്ടി നടത്തിയ ദിനാചരണ, ഉത്സവാഘോഷങ്ങൾ ഏതൊക്കെ?

11. 'ഉൾച്ചേർക്കലിന്' സ്വയം സജ്ജമാകാൻ വിദ്യാലയം സംഘടിപ്പിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 1. സങ്കലിത സംസ്കാരം | ജാതി, മതം, ലിംഗം, ഭാഷ, സാമ്പത്തിക-സാമൂഹ്യ അവസ്ഥ, ഭിന്നശേഷി എന്നിവ പരിഗണിക്കാതെ കുട്ടികൾക്കും വിദ്യാലയ പ്രവേശനം ഉറപ്പു നൽകുന്നു.<br>കുട്ടികളെ കൃത്യമായി സ്കൂളിലെത്തിക്കേണ്ടതിന്റെ ആവശ്യകത എല്ലാ വിഭാഗം രക്ഷാകർത്താക്കളെയും ബോധ്യപ്പെടുത്തുന്നു. | • ക്ലാസുകളിൽ പഠന പ്രവർത്തനങ്ങൾ നൽകുമ്പോഴും, ഇരിപ്പിട സൗകര്യങ്ങൾ ഒരുക്കുമ്പോഴും അധ്യാപകർ ജാതി, ലിംഗം, മതം സാമൂഹ്യസാമ്പത്തികാവസ്ഥ എന്നിവ നോക്കാതെ സമത്വത്തോടെ പ്രവർത്തിക്കുന്നു.<br>• സമത്വം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പെൺകുട്ടികൾക്കും പ്രത്യേകപരിഗണന അർഹിക്കുന്നവർക്കും പ്രത്യേക ശ്രദ്ധ നൽകുന്നു.<br>• എല്ലാ വിഭാഗം രക്ഷാകർത്താക്കളെയും സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനുള്ള ശ്രമം നടത്തുന്നു. | • ഓരോ കുട്ടിയുടെയും കഴിവുകളെ ഏറ്റവും ഉയർന്ന തലത്തിലെത്തിക്കാൻ (പ്രായവും പ്രകൃതവും പരിഗണിച്ച്) തുല്യ അവസരം പ്രദാനം ചെയ്യുന്ന വിദ്യാലയം.<br>• മതം, ജാതി, ലിഗം, വർണ്ണം, സാമ്പത്തിക സാമൂഹ്യ സ്ഥിതി എന്നിവയൊന്നും തുല്യ അവസരം നൽകുന്നതിന് തടസ്സമാകാത്ത വിദ്യാലയവും പഠന പരിസരവും.<br>• സവിശേഷ/ഭിന്ന ശേഷികളുള്ള കുട്ടികളുടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ക്ലാസ്മുറി.<br>• ഭിന്ന ശേഷികളുള്ള കുട്ടികളെ സവിശേഷമായി പരിഗണിക്കുന്ന മനുഷ്യവിഭവങ്ങളും പിന്തുണാ സംവിധാനങ്ങളും ഒരുക്കുന്ന വിദ്യാലയം.<br>• കുട്ടികളുടെ ശാരീരിക വളർച്ചയ്ക്കനുസരിച്ചുള്ള മാനസികവും വൈകാരികവുമായ അംശങ്ങളെ തിരിച്ചറിയുന്ന പഠനാന്തരീക്ഷം.<br>• എല്ലാ വിഭാഗത്തിൽപെട്ട രക്ഷിതാക്കളെയും പി.ടി.എ./എസ്.എം.സി./എസ്.ഡി.എം.സി./സി.പി.ടി.എ./എം.പി.ടി. എ. എന്നീ സംഘടനാ സംവിധാനങ്ങളിൽ സക്രിയമായി ഇടപെടാനുള്ള സാഹചര്യം ഒരുക്കുന്ന വിദ്യാലയം. |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 2. ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾച്ചേർത്തുള്ള വിദ്യാഭ്യാസം | വിവിധ വിഭാഗം ഭിന്നശേഷിക്കാരായ കുട്ടികളെക്കുറിച്ച് അദ്ധ്യാപകർക്കും വിദ്യാലയ സമൂഹത്തിനും ധാരണ ഉണ്ട്.<br>വിദ്യാലയം ഈ കുട്ടികളെ കുറിച്ചുള്ള റെക്കോർഡുകൾ സൂക്ഷിക്കുന്നു.<br>ഇവർക്കായുള്ള ഫണ്ടുകളും വിഭവങ്ങളും വിനിയോഗിക്കുകയും രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നു. | വിദ്യാലയ പരിധിയിലുള്ള ഭിന്നശേഷിയുള്ള മുഴുവൻ കുട്ടികളെയും സന്നദ്ധസംഘടനകളുടെയും സമൂഹത്തിന്റെയും സഹായത്തോടെ കണ്ടെത്തുന്നു. വിദ്യാലയ പ്രവേശനത്തിനായി അവരെ തയ്യാറാക്കുന്നു. ഇത്തരം കുട്ടികളെ കൃത്യമായ വൈദ്യപരിശോധനക്ക് വിധേയമാക്കി അവരുടെ പ്രയാസത്തിന്റെ അളവ് കണ്ടെത്തുന്നു.<br>ഈ കുട്ടികളുടെ പ്രയാസങ്ങൾക്കനുസരിച്ച് അനുയോജ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. ഇവർക്ക് യോജിച്ച ഉള്ളടക്കപരമായ നേരിയ മാറ്റങ്ങൾ, അനുരൂപീകരണ പ്രവർത്തനങ്ങൾ, പഠനോപകരണങ്ങൾ, വിലയിരുത്തൽ രീതികൾ എന്നിവ തയ്യാറാക്കി നൽകുന്നു. | • മുഴുവൻ രക്ഷിതാക്കൾക്കും ആത്മവിശ്വാസം നൽകി എല്ലാ ഭിന്നശേഷിക്കാരായ കുട്ടികളെയും വിദ്യാലയത്തിലെത്തിക്കുന്നു.<br>• പ്രത്യേക സഹായം ആവശ്യമുള്ള കുട്ടികളെ സംബന്ധിച്ച 'Persons with Disability Act'നെ കുറിച്ച് പൂർണ്ണധാരണ സ്കൂൾ സംവിധാനത്തിനുണ്ട്.<br>• ലഭ്യമായ കരിക്കുലം സവിശേഷ സഹായം ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി അനുരൂപീകരിച്ച് ക്ലാസിൽ പ്രയോഗിക്കുന്നു.<br>• തീവ്രമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന, വിദ്യാലയത്തിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് വീട്ടിൽചെന്ന് ആവശ്യമായ അക്കാദമിക സഹായവും ആത്മവിശ്വാസവും നൽകുന്നു.<br>• വിദ്യാലയ സമൂഹം ഈ കുട്ടികളെ എല്ലാ തരത്തിലും ഉൾക്കൊള്ളുന്നു എന്നുറപ്പാക്കിയിട്ടുണ്ട്.<br>• കുട്ടികൾക്ക് മെച്ചപ്പെട്ട ജീവിതവും പഠനവും ഉറപ്പാക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത തുടർന്നും ഉറപ്പുവരുത്തുന്നു.<br>• സി.ഡബ്ല്യു.എസ്.എൻ. കുട്ടികൾക്ക് അനുയോജ്യമായ പ്രത്യേക ശുചിമുറികൾ ഒരുക്കിയിട്ടുണ്ട്.<br>• ഈ കുട്ടികളെ എല്ലാതരത്തിലും പരിഗണിച്ച് മെച്ചപ്പെടുത്തുന്നതിന് യോജിച്ച പരിശീലനം മുഴുവൻ അധ്യാപകർക്കും നൽകിയിട്ടുണ്ട്.<br>• ഓരോ കുട്ടിയുടെയും തനത് പ്രശ്നങ്ങൾ മനസിലാക്കി പിന്തുണ നൽകാൻ കഴിയുന്ന പരിശീലനം ലഭിച്ച അധ്യാപകരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്.<br>• ഇത്തരം കുട്ടികളെക്കൂടി പരിഗണിക്കുന്ന അനുരൂപീകരിച്ച മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ആത്മവിശ്വാസം വളർത്താൻ സഹായിക്കുന്ന കഥകൾ (എഡിസൺ, ഹെലൻ കെല്ലർ) രക്ഷാകർത്താക്കളുമായി പങ്കുവെക്കുന്നു.<br>• ഇത്തരം കുട്ടികളുടെ സർഗ്ഗവാസനകൾ പോഷിപ്പിക്കാനും കഴിവുകൾ പ്രകടിപ്പിക്കാനുമുള്ള അവസരങ്ങൾ / വേദികൾ ഒരുക്കുന്നു. |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 3. ഭൗതിക സുരക്ഷ | • അടച്ചുറപ്പുള്ള ഒറ്റ വാതിൽ ക്ലാസ് മുറികളുള്ള, സുരക്ഷാ ക്രമീകരണങ്ങൾ വേണ്ടത്രയില്ലാത്ത കെട്ടിടങ്ങളുണ്ട്.<br>• കുട്ടികൾക്ക് അവശ്യം ലഭിക്കേണ്ട സുരക്ഷാ ക്രമീകരണങ്ങളെക്കുറിച്ച് വിദ്യാലയ സമൂഹത്തിന് ബോധ്യമുണ്ട്.<br>• റോഡ്സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ നടക്കുന്നു.<br>• അടിയന്തിര പ്രാധാന്യമുള്ള സന്ദർഭങ്ങളിൽ സഹായിക്കേണ്ട വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. | • സുരക്ഷിതമായ കെട്ടിടങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്.<br>• ചുറ്റുമതിൽ, ജൈവവേലി എന്നിവ ഒരുക്കി വിദ്യാലയ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്.<br>• ഭിന്നശേഷി കുട്ടികളുടെ സഞ്ചാരത്തിനാവശ്യമായ റാമ്പുകൾ (Ramp & Rail) ചില കെട്ടിടങ്ങളിലുണ്ട്.<br>• സുരക്ഷാ ബോർഡുകൾ, ട്രാഫിക് സിഗ്നൽ ബോർഡുകൾ എന്നിവ വിദ്യാലയ പരിസരത്ത് സ്ഥാപിച്ചിട്ടുണ്ട്.<br>• റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു.<br>• പ്രഥമ ശുശ്രൂഷാ കിറ്റുകൾ ഒരുക്കിയിട്ടുണ്ട്, ഉപയോഗിക്കുന്നുണ്ട്.<br>• വിദ്യാലയത്തിൽ സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.<br>• അപകട സാധ്യതയുള്ള വസ്തുക്കൾ ലബോറട്ടറി, അടുക്കള എന്നിവയിൽ നിന്ന് നിശ്ചിത അകലം സൂക്ഷിക്കുന്നു.<br>• ഇഴജന്തുക്കൾ, തെരുവുനായ്ക്കൾ എന്നിവയിൽ നിന്ന് ആവശ്യമായ സംരക്ഷണം ഏർപ്പെടുത്തുന്നു.<br>• തിരക്കുള്ള സമയങ്ങളിൽ ഗതാഗത നിയന്ത്രണത്തിനാവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നു. | • അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതി പ്രതിഭാസങ്ങളിൽ നിന്ന് (ഇടി, മിന്നൽ, കൊടുങ്കാറ്റ്) രക്ഷനേടാനുള്ള അറിവ് നേടിയിട്ടുണ്ട്.<br>• സുരക്ഷിതമായ കെട്ടിടം ചുറ്റുമതിൽ ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കുകയും അടിയന്തിര സാഹചര്യങ്ങളിൽ രക്ഷപെടാനുള്ള മാർഗ്ഗങ്ങൾ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. (Emergency Exit)<br>• അഗ്നിശമന ഉപകരണങ്ങൾ എല്ലാ കെട്ടിടങ്ങളിലും ഉറപ്പാക്കിയിട്ടുണ്ട്.<br>• ഭിന്നശേഷിയുള്ള കുട്ടികളുടെ ചലനസ്വാതന്ത്ര്യം ഉറപ്പാക്കുന്ന ഉപകരണങ്ങളും സംവിധാനങ്ങളും (Ramp & Rail) വിദ്യാലയത്തിലുണ്ട്.<br>• പ്രകൃത്യായുള്ള പ്രതിബന്ധങ്ങൾ (പുഴ, തോട്, ചെങ്കുത്തായ പ്രദേശങ്ങൾ) മനുഷ്യനിർമ്മിത പ്രതിബന്ധങ്ങൾ (റോഡ്, റയിൽ, വൈദ്യുതി ലൈൻ) തുടങ്ങിയവ അഭിസംബോധന ചെയ്യുന്നതിനുള്ള സംവിധാനം സ്കൂൾ ഒരുക്കിയിട്ടുണ്ട്.<br>• അപകടകാരികളായ ജീവികളിൽ നിന്നും രക്ഷപെടാൻ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ വിദ്യാലയത്തിനുണ്ട്.<br>• വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പരിശീലനം നൽകുന്നു.<br>• വിദ്യാലയ സംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br>• സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം (Mock drill) വിദ്യാലയത്തിൽ നൽകുന്നുണ്ട്.<br>• റോഡ് സുരക്ഷ, വിദ്യാലയ സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട ബോധവൽകരണ ക്ലാസുകൾ കൃത്യമായ ഇടവേളകളിൽ നൽകുന്നു.<br>• ബോധവൽക്കരണ ക്ലാസുകൾ, സുരക്ഷാ പരിശീലന പ്രവർത്തനങ്ങൾ എന്നിവയെ പഠനപ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിക്കുന്നു.<br>• അടുക്കളയിലെ ഭക്ഷ്യവസ്തുക്കളുടെയും, മറ്റ് എല്ലാ ഉപകരണങ്ങളുടെയും സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്.<br>• വിദ്യാലയസുരക്ഷാ ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാണ്. |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 4. മാനസിക സുരക്ഷിതത്വം | കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരായ നിയമങ്ങളെ സംബന്ധിച്ച് വിദ്യാലയ അധികൃതർക്ക് ബോധ്യമുണ്ട്. ശാരീരികവും മാനസികവുമായ ശിക്ഷാ നടപടികൾ ഇല്ല.<br>• കുട്ടികൾക്ക് കൗമാര ലൈംഗിക വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്.<br>• കമ്പ്യൂട്ടർ മൊബൈൽ ഫോൺ എന്നിവയുടെ ദുരുപയോഗം ഇല്ല.<br>• ഒരു കുട്ടിയും വിദ്യാലയത്തിൽ ഏകാന്തത അനുഭവിക്കുന്നില്ല. | • കുട്ടികളെ ലൈംഗികവും ശാരീരികവുമായി പീഡിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കാൻ വേണ്ട പരിശീലനം വിദ്യാലയ അധികൃതർക്ക് ലഭിച്ചിട്ടുണ്ട്.<br>• അമിത പഠനഭാരംകൊണ്ട് ഒരു കുട്ടിക്കും മാനസിക പ്രശ്നങ്ങളുണ്ടാകുന്നില്ല. കുട്ടികളുടെയും രക്ഷാകർത്താക്കളുടെയും പരാതികൾ സ്വീകരിക്കാനും പരിഹരിക്കാനും ആവശ്യമായ സംവിധാനങ്ങൾ വിദ്യാലയത്തിൽ ഉണ്ട്. വിദ്യാലയത്തിൽ ജോലിചെയ്യുന്ന മുഴുവൻ പേരുടെയും പശ്ചാത്തലം പരിശോധിക്കപ്പെടുന്നു.<br>• സ്പർശനത്തിലെ നന്മയും തിന്മയും തിരിച്ചറിയാനും പ്രതികരിക്കാനുമുള്ള അവബോധം കുട്ടിക്കു ലഭിച്ചിട്ടുണ്ട്. | • മുഴുവൻ കുട്ടികളുടെയും മാനസിക സുരക്ഷിതത്വം ഉറപ്പാക്കാൻ ആവശ്യമായ പൊതുസമീപനം വിദ്യാലയ സമൂഹം വികസിപ്പിച്ചിട്ടുണ്ട്.<br>• പഠന പരിസരത്തുണ്ടാകേണ്ട പരസ്പരസ്നേഹം, പരസ്പര വിശ്വാസം, പരസ്പരാശ്രിതത്വം തുടങ്ങിയ മൂല്യങ്ങൾ വർഷാരംഭത്തിൽതന്നെ കുട്ടികളിൽ ഉറപ്പിക്കാൻ പാകത്തിലുള്ള പഠനാന്തരീക്ഷം വിദ്യാലയത്തിൽ സാധ്യമാക്കിയിട്ടുണ്ട്.<br>• കൗമാരപ്രായത്തിലുള്ള ഓരോ കുട്ടിക്കും കൗമാര ലൈംഗിക വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്.<br>• കൗമാര കൗൺസിലിംഗ് സംവിധാനം ഓരോ വിദ്യാലയത്തിലും സജ്ജമാക്കിയിട്ടുണ്ട്.<br>• വിദ്യാലയത്തിൽ കുട്ടികളുടെ മാനസിക സുരക്ഷാ നയങ്ങളും (റാഗിംങ്, ബാല പീഡനം, ബാലവേല എന്നിവക്കെതിരെ) നിയമങ്ങളും ശരിയായ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>• കുട്ടികളുടെ മാനസിക പ്രശ്നങ്ങൾ യഥാവിധി കൈകാര്യം ചെയ്യുന്നതിനും പരിഹരിക്കുന്നതിനും സഹായകമായ സമിതികൾ വിദ്യാലയത്തിലുണ്ട്.<br>• പഠനഭാരം കൊണ്ടും സമ്മർദ്ദം കൊണ്ടും ഉണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങളെ തരണം ചെയ്യാൻ വേണ്ട കൗൺസലിംഗ് കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും തുടർച്ചയായി നൽകുന്നു. മാനസിക സുരക്ഷാ തെറാപ്പി, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ എന്നിവ വ്യത്യസ്ത പ്രായപരിധിയിലുള്ള കുട്ടികൾക്ക് നൽകുന്നു. |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| 5. ആരോഗ്യവും ശുചിത്വവും | • വിദ്യാലയത്തിലെ പൊതുവായ പരിസര ശുചിത്വവും കുട്ടികളുടെ വ്യക്തിഗത ശുചിത്വവും വല്ലപ്പോഴും പരിശോധിക്കുന്നു.<br>• ചവറ്റുകുട്ട വേണ്ട സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ ഉയരവും തൂക്കവും സൂചിപ്പിക്കുന്ന രേഖകൾ സൂക്ഷിക്കുന്നുണ്ട്.<br>• പാത്രം കഴുകാൻ ആവശ്യത്തിന് ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>• വിദ്യാലയ ഭക്ഷണ പരിപാടിക്ക് പ്രത്യേക സമിതി (അധ്യാപക രക്ഷിതാക്കൾ, കുട്ടികൾ) പ്രവർത്തിക്കുന്നുണ്ട്. | • ആരോഗ്യവും ശുചിത്വവും സംബന്ധിച്ച തനതായ നയം വിദ്യാലയത്തിനുണ്ട്.<br>• ശുചിത്വം സംബന്ധിച്ച തുടർച്ചയായ പരിശോധനകളും ഉറപ്പാക്കലുകളും നടപ്പാക്കുന്നു.<br>• ഉച്ചഭക്ഷണ പരിപാടിയിലും വ്യക്തിഗത ശുചിത്വത്തിലും തുടർച്ചയായ പരിശോധനകൾ നടക്കുന്നു.<br>• മാലിന്യ സംസ്കരണത്തിന് തനതായ മാർഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br>• ബോധവൽക്കരണ പരിപാടികൾ കുട്ടികളുടെ ആരോഗ്യ വളർച്ചാ ചാർട്ട്, പ്രാഥമിക വൈദ്യപരിശോധന (പല്ല്, കണ്ണ് ഉൾപ്പെടെ) എന്നിവ നടക്കുന്നു. | • വിദ്യാലയവും, എസ്.എം.സി.യും ഏകോപനത്തോടെ വിദ്യാലയ ശുചിത്വത്തെ മോണിറ്റർ ചെയ്യുന്നു.<br>• പരിശീലന പരിപാടികൾ, ആരോഗ്യ ശില്പശാലകൾ, രക്ഷാകർത്താക്കൾക്കുള്ള ആരോഗ്യ ബോധവൽക്കരണക്ലാസ്സുകൾ എന്നിവ നടത്തുന്നു.<br>• ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുന്നു. കുട്ടികൾക്കുള്ള വൈദ്യോപദേശങ്ങൾ നേടുന്നു.<br>• വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള ഡോക്ടർമാരുടെ ഇടവിട്ടുള്ള പരിശോധനകൾ നടത്തുകയും മാർഗ്ഗനിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.<br>• ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും തരംതിരിച്ച് യഥാവിധി സംസ്കരിക്കുന്നു.<br>• 'പ്ലാസ്റ്റിക് വിരുദ്ധ ക്യാമ്പസ്' എന്ന ആശയം നടപ്പിലാക്കുന്നു.<br>• ശുചിത്വ സേന, ആരോഗ്യ ക്ലബ് എന്നിവ ജാഗ്രതയോടെ പ്രവർത്തിക്കുന്നു.<br>• ഹെൽത്ത് ഇൻസ്പെക്ടർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവരുടെ സേവനം ഉറപ്പുവരുത്തുന്നു.<br>• വ്യായാമമുറകൾ പരിശീലിപ്പിക്കുകയും ശാരീരിക ക്ഷമത നിലനിർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. |

| കാമ്പുമാനദണ്ഡം | മാനദണ്ഡവിവരണങ്ങൾ | | |
|---|---|---|---|
| | തലം 1 | തലം 2 | തലം 3 |
| ആരോഗ്യവും ശുചിത്വവും (തുടർച്ച) | | • ഡോക്ടർമാരുടെ നേതൃത്വത്തിൽ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച പരിപാടികൾ സംഘടിപ്പിക്കുന്നു.<br>• കുട്ടികൾക്കുള്ള വൈദ്യോപദേശങ്ങൾ യഥാസമയം നൽകുന്നുണ്ട്.<br>• ആരോഗ്യ ക്യാമ്പ് സംഘടിപ്പിക്കുന്നു.<br>• ഹെൽത്ത് കാർഡ് വികസിപ്പിക്കുന്നു.<br>• കിണർ വലയിട്ടു മൂടുകയും കിണറിലെ വെള്ളം നേരിട്ട് പാചകത്തിന് ലഭ്യമാക്കുകയും ചെയ്യുന്നു. | • ഓരോ ക്ലാസിലെയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരു കമ്പാർട്ട്മെന്റ് വീതമെങ്കിലും കിട്ടുന്ന തരത്തിൽ മൂത്രപ്പുരകളുണ്ട്.<br>• രണ്ടോ മൂന്നോ ക്ലാസുകൾക്ക് ഒന്നു വീതം കക്കൂസുണ്ട്.<br>• തിളപ്പിച്ച കുടിവെള്ളം ക്ലാസിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്.<br>• പുകയില്ലാത്ത അടുപ്പ് സംവിധാനം ഉണ്ട്.<br>• ഭക്ഷണ മെനു മുൻകൂട്ടി തയ്യാറാക്കി പ്രദർശിപ്പിക്കുന്നുണ്ട്.<br>• പെൺകുട്ടികൾക്ക് പ്രത്യേക വിശ്രമമുറിയുണ്ട്.<br>• ശാരീരിക ശുചിത്വം ഉറപ്പാക്കുന്ന വിധത്തിൽ നാപ്കിൻസ്, കോട്ടൺ എന്നിവ ലഭ്യമാക്കുന്നു.<br>• ഇൻസിനറേറ്റർ സംവിധാനം ഒരുക്കിയിട്ടുണ്ട്. |

വിദ്യാലയ മികവ്

## തെളിവിടങ്ങൾ

<table>
<tr><td>റഫർ ചെയ്യാവുന്ന തെളിവുകൾ (മാനദണ്ഡങ്ങൾ / നിർദേശങ്ങൾ / രജിസ്റ്ററുകൾ / ഉത്തരവുകൾ)</td><td>
➢ RMSA Framework : Chapter IV (pp.22-28),VI(pp.42-47) (http://mhrd.gov.in/sites/upload_files/mhrd/files/upload_document/Framework_Final_RMSA_3.pdf)<br>
➢ SSA Framework: Chapter III (pp.23-53) (http://mhrd.gov.in/sites/upload_files/mhrd/files/upload_document/SSA-Frame-work.pdf)<br>
➢ NCF-2005: Chapter IV (pp.78-100) (http://www.ncert.nic.in/rightside/links/pdf/framework/english/nf2005.pdf)<br>
➢ RTE Act-2009: Chapter-II(clause 3 at p.3), IV(clause 17 at p.6),VI(clause 31 at p.9) (http://ssa.nic.in/rte-docs/free%20%20%compulsory.pdf)<br>
➢ Swachh Bharat Swachh Vidyalaya, 2014 (pp.1-45) (http://mhrd.gov.in/sites/upload_files/mhrd/files/upload_document/Eng_Swachch-Bharat-Swachch-Vidhyalaya.pdf)<br>
➢ School Safety, National Disaster Management Division (http://www.ndmindia.nic.in/School%20Safety%20Draft_Series1.0.pdf)
</td></tr>
<tr><td>വിദ്യാലയങ്ങളിൽ നിന്ന് ലഭിക്കുന്ന സഹായക തെളിവുകൾ</td><td>
• കുട്ടികളുടെ കുടുംബ പശ്ചാത്തല വിശദാംശങ്ങൾ ഉൾപ്പെടുന്ന വിദ്യാലയ പ്രവേശന രേഖകൾ.<br>
• ആരോഗ്യം ശുചിത്വം ഉൾപ്പെടുത്തൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികളുടെ പട്ടിക<br>
• അധ്യാപകർ തയ്യാറാക്കിയ ഭിന്നശേഷിക്കാരായ കുട്ടികളുടെ ആവശ്യങ്ങൾ ഉൾപ്പെടുന്ന പട്ടിക<br>
• ഭിന്നശേഷിക്കാരായ കുട്ടികളുടെ പാഠ്യപദ്ധതി വിഭവങ്ങൾ, ഉപകരണങ്ങൾ, പഠന സഹായികൾ എന്നിവയുടെ രേഖകൾ<br>
• രക്ഷാകർത്താക്കൾ പങ്കാളികളായ പ്രവർത്തനങ്ങൾ, പദ്ധതികൾ, ദൗത്യങ്ങൾ എന്നിവയുടെ പട്ടിക<br>
• കുട്ടികളുടെ ആരോഗ്യം, സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ (ബാലപീഡനം, ദുരുദ്ദേശപരവും അല്ലാത്തതുമായ സ്പർശനം) അവരെ ബോധ്യപ്പെടുത്താൻ പാകത്തിലുള്ള ഡിസ്പ്ലേ ബോർഡുകൾ<br>
• അടിയന്തിര സാഹചര്യങ്ങളെ നേരിടാനുള്ള വിദ്യാലയത്തിന്റെ മുന്നൊരുക്കങ്ങൾ<br>
• രക്ഷാകർത്താക്കളുടെയും കുട്ടികളുടെയും പരാതികൾ സ്വീകരിക്കാനുള്ള പരാതിപ്പെട്ടിയും മറ്റു സംവിധാനങ്ങളും<br>
• പഠിതാക്കൾക്ക് മുഖാമുഖം കൗൺസിലിംങ് നടത്തിയ സെഷനുകളുടെ രേഖകൾ<br>
• കുട്ടികൾക്ക് ആരോഗ്യ പരിശോധനാ ക്യാമ്പുകൾ നടത്തിയതിന്റെ രേഖകൾ<br>
• കെട്ടിട സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ രേഖകൾ<br>
• ശുചിത്വ പരിശോധനാ രേഖകൾ<br>
• ആരോഗ്യം ശുചിത്വം സുരക്ഷ എന്നീ മേഖലകളിൽ നടത്തിയ ബോധവൽകരണ പരിപാടികളുടെ രേഖകൾ
</td></tr>
</table>

| വിദ്യാലയങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ട രേഖകൾ : | • ആരോഗ്യം, ശുചിത്വം, ഉൾപ്പെടുത്തൽ എന്നീ മേഖലകളിൽ വിദ്യാലയം നടത്തുന്ന നിരീക്ഷണങ്ങൾ<br>• എല്ലാ കുട്ടികളുടെയും ആവശ്യങ്ങൾ തിരിച്ചറിയുന്നതിന് രക്ഷിതാക്കൾ, പഠിതാക്കൾ, സമൂഹം എന്നീ ഏജൻസികളുമായി നടത്തുന്ന ആശയ വിനിമയങ്ങൾ |
|---|---|

## നൂതനാശയപ്രയോഗങ്ങൾ

ഈ മുഖ്യമേഖലയിലുൾപ്പെട്ട, വിദ്യാലയത്തിന്റെ നൂതനാശയപ്രയോഗങ്ങൾ ഇവിടെ രേഖപ്പെടുത്തുക.

# പ്രതികരണ പത്രിക

**പഠന-ബോധന തന്ത്രങ്ങളും അവയുടെവിലയിരുത്തലും**

**(കൂട്ടായി ആലോചിച്ച് നിശ്ചയിച്ച തലങ്ങൾ ✓ ചെയ്യുക)**

| കാമ്പുമാനദണ്ഡം | തലം 1 | തലം 2 | തലം 3 |
|---|---|---|---|
| 1. സങ്കലിത സംസ്കാരം | | | |
| 2. ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾപ്പെടുത്തൽ | | | |
| 3. ഭൗതിക സുരക്ഷ | | | |
| 4. മാനസിക സുരക്ഷ | | | |
| 5. ആരോഗ്യവും ശുചിത്വവും | | | |

## മെച്ചപ്പെടുത്താനുള്ള ആസൂത്രണം

| കാമ്പുമാനദണ്ഡം | തലം (1/2/3) | മെച്ചപ്പെടുത്തേണ്ട കാര്യങ്ങൾ | മെച്ചപ്പെടേണ്ട കാര്യങ്ങൾ മുൻഗണനാക്രമം (കുറഞ്ഞത്/മധ്യമം/കൂടിയത്) ✓ ചെയ്യുക. | | | മുന്നോട്ടുയ്ക്കുന്ന പ്രവർത്തനങ്ങൾ | സമയക്രമം (അനുയോജ്യമായ വർഷം) ✓ ചെയ്യുക | | |
|---|---|---|---|---|---|---|---|---|---|
| | | | L | M | H | | Y-1 | Y-2 | Y-3 |
| 1 സങ്കലിത സംസ്കാരം | | | | | | | | | |
| 2 ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉൾച്ചേർക്കൽ | | | | | | | | | |
| 3 ഭൗതിക സുരക്ഷ | | | | | | | | | |

## മെച്ചപ്പെടുത്താനുള്ള ആസൂത്രണം

| കാമ്പുമാനദണ്ഡം | തലം (1/2/3) | മെച്ചപ്പെടു ത്തേണ്ട കാര്യങ്ങൾ | മെച്ചപ്പെടേണ്ട കാര്യങ്ങൾ മുൻഗണനാക്രമം (കുറഞ്ഞത്/മധ്യമം/കൂടിയത്) ✓ ചെയ്യുക. | | | മുന്നോട്ടുയ്ക്കുന്ന പ്രവർത്തനങ്ങൾ | സമയക്രമം (അനു യോജ്യമായ വർഷം) ✓ ചെയ്യുക | | |
|---|---|---|---|---|---|---|---|---|---|
| | | | L | M | H | | Y-1 | Y-2 | Y-3 |
| 4 മാനസിക സുരക്ഷ | | | | | | | | | |
| 5 ആരോഗ്യവും ശുചിത്വവും | | | | | | | | | |